

# പാഠം 12



## ഒരു പഠന വിഷയം

***യേശു ക്ഷമിക്കുന്നവനും സമാധാന ദായകനും ആകുന്നു***

യേശു
ക്ഷമിക്കു
ന്നവനും
സമാധാന
ദായകനും
ആകുന്നു







## വേദവചന കഥ

***യേശു ക്ഷമിക്കുന്നവനും സമാധാന ദായകനും ആകുന്നു എന്നു പഠിപ്പിക്കുന്ന കഥ ഉപയോഗിക്കുക***

**സദ്വര്‍ത്തമാന കഥാപുസ്തകം അഞ്ച്. പേജുകള്‍ 30-36.** *സമാധാന ദായകന്‍.*

**ഉപകരണങ്ങള്‍:** എഴുതുവാനുള്ള ബ്ളാക്ക് ബോര്‍ടും ചോക്കും അല്ലെങ്കില്‍ മണ്ണും വടിയും അല്ലെങ്കില്‍ ഒരു കടലാസ്സും പെന്‍സിലും ഉപയോഗിക്കാം. കുട്ടികള്‍ക്ക് കടലാസ്സും, പെന്‍സിലും, റബറും ആവശ്യമാണ്. പടം വരച്ച് കുട്ടികള്‍ക്ക് കഥ പറഞ്ഞു കൊടുക്കുക.

ഓരോ പേജും വായിച്ചതിന് ശേഷം കുട്ടികളോട് ചോദ്യങ്ങള്‍ ചോദിക്കുക.

1, 2, 3 കഥ തുടങ്ങുക...

മറ്റൊരു ദിവസം, മറ്റൊരു സമയം, മറ്റൊരു സ്ഥ ലം.

ഞാന്‍ ഒരു മനുഷ്യനെ കാണുന്നു. അവന്റെ പേര് ശീമോന്‍. ശീമോന്‍ യേശുവിനോടു പറയുന്നതു ഞാന്‍ കേള്‍ക്കുന്നു, ‘ദയവു ചെയ്ത് എന്റെ വീട്ടിലേക്കു വരുക.’ ശീമോനേയും യേശുവിനേയും ശീമോന്റെ വീട്ടില്‍ ഞാന്‍ കാണുന്നു. ശീമോന്റെ വീട്ടില്‍ ഒരു സ്ത്രീയെക്കൂടി ഞാന്‍ കാണുന്നു. ഈ സ്ത്രീ വളരെ തെറ്റുകള്‍ ചെയ്തിട്ടുണ്ട്. ഈ സ്ത്രീ യേശുവിന്റെ പാദത്തില്‍ വീഴുന്നത് ഞാന്‍ കാണുന്നു. ഈ സ്ത്രീ കരയുന്നതു ഞാന്‍ കാണുന്നു. അവളുടെ കണ്ണുനീര്‍ യേശുവിന്റെ പാദത്തില്‍ വിഴുന്നതു ഞാന്‍ കാണുന്നു. ഈ സ്ത്രീ അവളുടെ തലമുടികൊണ്ട് യേശുവിന്റെ പാദം തുടയ്ക്കുന്നതു ഞാന്‍ കാണുന്നു. യേശു ഈ സ്ത്രീയോടു പറയുന്നതു ഞാന്‍ കേള്‍ക്കുന്നു, ‘നീ ചെയ്തിട്ടുള്ള എല്ലാ തെറ്റുകളും ഞാന്‍ നിന്നോടു ക്ഷമിക്കുന്നു. സമാധാനത്തോടെ പോകുക.’


യേശുവിനു മാത്രമേ സമാധാനം തരുവാന്‍ കഴിയുകയുള്ളു. ഇരുട്ടിനെ പുറത്താക്കുവാനുള്ള ശക്തി യേശുവിനുമാത്രമേയുള്ളു.

സൃഷ്ടാവാം ദൈവം ഇവിടെയുണ്ട്!

# പാഠം 12

## നാട്യ ഗാനം

***യേശു ക്ഷമിക്കുന്നവനും സമാധാന ദായകനും ആകുന്നു എന്ന് പഠിപ്പിക്കുന്ന നാട്യ ഗാനം ഉപയോഗിക്കുക***



രാജാക്കന്മാരുടെ രാജാവും ദേവന്മാരുടെ ദൈവനും. മഹത്വം ഹല്ലേലൂയ്യാ!
യേശു സമാധാനത്തിന്റെ രാജാവ്. മഹത്വം ഹല്ലേലൂയ്യാ!

## ദൃഷ്ടാന്ത പാഠം

***യേശു ക്ഷമിക്കുന്നവനും സമാധാന ദായകനും ആകുന്നു എന്ന് പഠിപ്പിക്കുന്ന ദൃഷ്ടാന്ത പാഠം ഉപയോഗിക്കുക***

**ഉപകരണങ്ങൾ:** കുട്ടികള്ക്ക്  ചുമക്കുവാനായി ഭാരമില്ലാത്ത മൂന്ന് കല്ലുകൾ എടുക്കുക.

രണ്ടു കുട്ടികളോട് നിങ്ങളുടെ സഹായി ആകുവാനായി പറയുക. ഒരു കുട്ടി യേശുവായി അഭിനയിക്കുവാൻ പോകുകയാണ് എന്ന് വിവരിക്കുക. (ആ കുട്ടിയുടെ നേരെ കൈ ചൂണ്ടുക). രണ്ടാമത്തെ കുട്ടി (ആ കുട്ടിയുടെ നേരെ കൈ ചൂണ്ടുക) യേശുവിനെ അറിയാത്തതും, യേശുവിങ്കലേക്ക് നോക്കാത്തതും അവനെ ആരാധിക്കാത്തവനുമായ കുട്ടിയായി അഭിനയിക്കും.

യേശുവിനെ അറിയാത്തവനായി അഭിനയിക്കുന്ന കുട്ടി ഒരു മോശമായ  കാര്യം ചിന്തിക്കുന്നതായി വിവരിച്ച് കൊടുക്കുക. ആ കുട്ടിക്ക് ഒരു കല്ല് ചുമക്കുവാനായി നല്കുക. ഈ കല്ലിനെപ്പോലെയായിരിക്കും യേശുവിനെ അറിയാത്ത മോശമായ കാര്യം ചിന്തിക്കുന്ന വ്യക്തിയുടെ അവസ്ഥ  എന്ന് പറഞ്ഞുകൊടുക്കുക.

യേശുവിനെ അറിയാത്തതായി അഭിനയിക്കുന്ന കുട്ടി ഒരു മോശമായ കാര്യം ചിന്തിക്കുന്നതായി വിവരിച്ച് കൊടുക്കുക. ആ കുട്ടിക്ക് മറ്റൊരു കല്ലുകൂടി ചുമക്കുവാനായി നല്കുക. ഈ കല്ലിനെപ്പോലെയായിരിക്കും യേശുവിനെ അറിയാത്ത മോശമായ കാര്യം ചിന്തിക്കുന്ന വ്യക്തിയുടെ അവസ്ഥ  എന്ന് പറഞ്ഞുകൊടുക്കുക.

യേശുവിനെ അറിയാത്തതായി അഭിനയിക്കുന്ന കുട്ടി ഒരു മോശമായ കാര്യം ചിന്തിക്കുന്നതായി വിവരിച്ചുകൊടുക്കുക. ആ കുട്ടിക്ക് മറ്റൊരു കല്ലുകൂടി ചുമക്കുവാനായി നല്കുക. ഈ കല്ലിനെപ്പോലെയായിരിക്കും യേശുവിനെ അറിയാത്ത മോശമായ കാര്യം ചിന്തിക്കുന്ന വ്യക്തിയുടെ അവസ്ഥ  എന്ന് പറഞ്ഞുകൊടുക്കുക.

**യേശു**
**ക്ഷമിക്കു**
**ന്നവനും**
**സമാധാന**
**ദായകനും**
**ആകുന്നു**

യേശുവിനെ അറിയാത്തവനായി അഭിനയിക്കുന്നതും മൂന്നുകല്ലു ചുമക്കുന്നതുമായ കുട്ടിയോട് യേശുവിങ്കലേക്ക് നോക്കുവാനായി പറയുക. യേശുവായി അഭിനയിക്കുന്ന കുട്ടിയോട് യേശുവിനെ അറിയാത്തവനായി അഭിനയിക്കുന്ന കുട്ടിയുടെ കയ്യിൽനിന്ന് കല്ലുകൾ എടുക്കുവാനായി പറയുക.

യേശു മാത്രം സമാധാനം നല്കുന്നു. യേശുവിന് മാത്രമേ ഇരുട്ടിനെ പുറത്തു തള്ളുവാനായി കഴിയുകയുള്ളു.

# പാഠം 12

## വേദവചന മനഃപാഠ വാക്യ കളി

***യേശു ക്ഷമിക്കുന്നവനും സമാധാന ദായകനും ആകുന്നു എന്നു പഠിപ്പിക്കുന്ന വേദവചന മനഃപാഠ വാക്യം ഉപയോഗിക്കുക***

**ലൂക്കോസ്** 7:50 *'യേശു ആ സ്ത്രീയോടു പറഞ്ഞു, "നിന്റെ വിശ്വാസം നിന്നെ നിന്റെ പാപങ്ങളില് നിന്നു രക്ഷിച്ചു. സമാധാനത്തോടെ പോക."'*

വേദവചന മനഃപാഠ വാക്യം പറയുകയോ പാടുകയോ ചെയ്യുക. കുട്ടികളൊട് നിങ്ങളുടെ (അദ്ധ്യാപകൻ) കൂടെ ആവര്ത്തിക്കുവാനായി പറയുക. കുട്ടികൾ വേദവചന മനഃപാഠ വാക്യം മനഃപാഠമാക്കുന്നതുവരെ ആവര്ത്തിക്കുക.

പിന്നീട് ഈ വാക്കുകള്ക്ക്  ഒരു താളവും അഭിനയവും കുട്ടികള്ക്ക് വാക്യം പാടുവാനായി നല്കുക.

അദ്ധ്യാപിക: യേശു ആ സ്ത്രീയോടു പറഞ്ഞു, കുട്ടികൾ: യേശു ആ സ്ത്രീയോടു പറഞ്ഞു,
അദ്ധ്യാപിക: നിന്റെ വിശ്വാസം,  കുട്ടികൾ: നിന്റെ വിശ്വാസം,
അദ്ധ്യാപിക: നിന്നെ നിന്റെസകല പാപങ്ങളിൽ നിന്നു, കുട്ടികൾ: നിന്നെ നിന്റെസകല പാപങ്ങളിൽ നിന്നു,

അദ്ധ്യാപിക: രക്ഷിച്ചു.  കുട്ടികൾ: രക്ഷിച്ചു.
അദ്ധ്യാപിക: സമാധാനത്തോടെ പോക, കുട്ടികൾ: സമാധാനത്തോടെ പോക.
അദ്ധ്യാപിക: ലൂക്കോസ് 7 കുട്ടികൾ: ലൂക്കോസ് 7
അദ്ധ്യാപിക: അമ്പതാം വാക്യം കുട്ടികൾ: അമ്പതാം വാക്യം

## പ്രായോഗിക പ്രയോജനങ്ങൾ

***യേശു ക്ഷമിക്കുന്നവനും സമാധാന ദായകനും ആകുന്നു എന്നു പഠിപ്പിക്കുന്ന പ്രായോഗിക കാര്യങ്ങൾ  ഉപയോഗിക്കുക***

യേശു മാത്രം സമാധാനം നല്കുന്നു. യേശുവിനു മാത്രേ ഇരുട്ടിനെ പുറത്തു തള്ളുവാനുള്ള ശക്തിയുള്ളു.

**യേശു ക്ഷമിക്കുന്നവനും സമാധാന ദായകനും ആകുന്നു**

നാം യേശുവിനെ അറിയുമ്പോൾ നാം ചിന്തിക്കുന്ന മോശമായ ചിന്തകളുടെയും, പറയുന്നതോ പ്രവര്ത്തിക്കുന്നതോ ആയ മോശമായ കാര്യങ്ങളുടെ ഭാരം അവൻ എടുത്ത് കളയുന്നതിനായി അവന് നന്ദി പറയാം.

**പ്രാര്ത്ഥന:** ഞാൻ ചിന്തിക്കുന്ന അരുതാത്ത ചിന്തകളുടെയും, ചെയ്യുന്നതോ പറയുന്നതോ ആയ മോശമായ കാര്യങ്ങളുടെ ഭാരം അങ്ങ് എടുത്ത് കളയുന്നതിനായി നന്ദി. യേശുവേ അങ്ങ് എന്നോട് ക്ഷമിക്കുന്നതിനാൽ നന്ദി. യേശുവേ അങ്ങ് എനിക്ക് സമാധാനം തരുന്നതിനാൽ നന്ദി. യേശുവേ എനിക്ക് അങ്ങ് ചിന്തിക്കുവാനും ജീവിക്കുവാനുമായി പുതിയ വഴികൾ തരുന്നതിനാൽ നന്ദി. എന്നെ എന്നും എന്നേക്കുമായി, എന്നും എന്നേക്കുമായി രക്ഷിക്കുന്നതിനാൽ നന്ദി. യേശുവിന്റെ നാമത്തിൽ പ്രാര്ത്ഥിക്കുന്നു. ആമേൻ.

**സമ്മാനം: ഓരോ കുട്ടിക്കും *സദ്വര്ത്തമാന കഥാപുസ്തകം അഞ്ചിന്റെ*** ഓരോ പകര്പ്പ് കൊടുക്കുക. ഓരോ കുട്ടിയെയും  *സദ്വര്ത്തമാന കഥാപുസ്തകം അഞ്ച്* വായിക്കുവാൻ സഹായിക്കുക.